ഡി.റ്റി.പി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

249 [1200] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*

ശ്രീ. തോമസ് ഉണ്ണിയാടൻ:

,, *സ്റ്റീഫൻ ജോർജ്ജ്:*

,, *ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡി.റ്റി.പി.സി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഊർജ്ജസ്വലവുമാക്കുവാൻ സർക്കാർ അടിയന്തിരമായി ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

ഡി.റ്റി.പി.സി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഊർജ്ജസ്വലവുമാക്കുന്നതിന്റെ ഭാഗമായി പുനഃസംഘടിപ്പിച്ചുവരുന്നു. ജനപ്രതിനിധികൾ, ടൂറിസം-ട്രാവൽ രംഗത്തെ പ്രമുഖർ, വിവിധ സർക്കാർ വകുപ്പുകളുടെ പ്രതിനിധികൾ മുതലായവർ ഉൾപ്പെടുന്ന ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും അടങ്ങിയ ഘടനയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ ഡി.റ്റി.പി.സി.കളിൽ പ്രൊഫഷണലുകളെ സെക്രട്ടറിമാരായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ടൂറിസം വകുപ്പിനായുള്ള പരസ്യചിത്രങ്ങൾ

250 [1201] *ശ്രീ. വി. കെ. ചന്ദ്രൻ:*

,, *വി. ചെന്താമരാക്ഷൻ:*

,, *കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിനായി എത്ര പരസ്യചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അവയ്ക്ക് ഓരോന്നിനും ചെലവായ തുക ഉൾപ്പെടെയുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പരസ്യചിത്രങ്ങൾ നിർമ്മിക്കുന്ന സ്ഥിതി നിലവിലുണ്ടോ;

(സി) ദർഘാസ് നിയമങ്ങളൊന്നും പാലിക്കപ്പെടാതെയും സർക്കാർ അനുമതി ഇല്ലാതെയും ഇപ്പോൾ ടൂറിസം വകുപ്പിനുവേണ്ടി ഏതെങ്കിലും ഏജൻസി പരസ്യചിത്രം നിർമ്മിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

GPM. 2/567/2012--35

LIBRARY ARCHIVES Kerala Legislative Assembly